മുദ്രകൾ

# സ്വിസ് പ്രസിഡന്റിന്റെ ഏത്തമിടലും കേണലിന്റെ നാൽപതാം ഭരണ വാർഷികവും

**സ്വിസ്** പ്രസിഡന്റ് റുഡോൾഫ് മേഴ്സ് ഈയിടെ ലിബിയയിൽ ഒരു രഹസ്യ സന്ദർശനം നടത്തി. ലിബിയൻ പ്രസിഡന്റ് കേണൽ മുഅമ്മർ ഖദ്ദാഫിയോട് ക്ഷമ യാചിക്കാൻ. കേണലിനോടോ അദ്ദേഹത്തിന്റെ 'മഹാ റിപ്പബ്ലിക്കി'നോടോ സ്വിസ് പ്രസിഡന്റ് എന്തെങ്കിലും അപരാധം ചെയ്തതായി മാലോകർ അറിഞ്ഞിട്ടില്ല. ചുഴിഞ്ഞന്വേഷിച്ചപ്പോൾ വ്യക്തമായി, കേണലിന്റെ മകൻ ഹാനിബാൾ ഖദ്ദാഫിയാണ് കഥയിലെ വില്ലൻ.

കഥയിങ്ങനെ: ഹാനിബാൾ ഖദ്ദാഫിയും ഭാര്യയും കൂടി ജനീവയിലെ ഒരു ഹോട്ടലിൽ മുറിയെടുത്തു (ലോകത്തെ പ്രസിഡന്റ് പുത്രന്മാരിൽ ഏറ്റവും മോശപ്പെട്ട അഞ്ചു പേരിൽ ഒരാളാണ് ഈ ഹാനിബാൾ എന്ന് *ഫോറിൻ പോലീസ്* പത്രം പറയുന്നു). സ്വാഭാവികമായും ഹോട്ടൽ അധികൃതരുമായി കേണൽ പുത്രൻ ഉടക്കി. വഴക്കായി. കേസ് പോലീസ് സ്റ്റേഷനിലെത്തി. രണ്ടു ദിവസത്തെ ചോദ്യം ചെയ്യലിനു ശേഷം പിഴ ഈടാക്കി ഹാനിബാളിനെ വിട്ടയക്കുകയും ചെയ്തു. എല്ലാം ചട്ടപ്രകാരം. വാർത്ത കേണലിന്റെ കാതിലെത്തിയതോടെ മട്ടുമാറി. സ്വിസ് ഭരണകൂടം മനഃപൂർവം തന്റെ 'മഹാ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കി'നെ അപമാനിച്ചിരിക്കുകയാണ്. പ്രതികാരമായി സ്വിറ്റ്സർലന്റിലേക്ക് എണ്ണ കയറ്റുമതി ചെയ്യുന്നത് തന്നെ ലിബിയ നിർത്തിവെച്ചു. സ്വിസ് ബാങ്കുകളിൽനിന്ന് അഞ്ചു മില്യൻ യൂറോ ഒറ്റയടിക്ക് പിൻവലിച്ചു. ലിബിയയിലെ മുഴുവൻ സ്വിസ് കമ്പനികൾക്കും കടുത്ത നിയന്ത്രണം. ഇരു രാജ്യങ്ങൾക്കുമിടയിലെ വ്യോമഗതാഗതവും താറുമാറായി. നിയമം ലംഘിച്ചെന്ന് പറഞ്ഞ് രണ്ട് സ്വിറ്റ്സർലന്റുകാരെ ജയിലിലും പിടിച്ചിട്ടു.

കൂടുതൽ ശിക്ഷാ നടപടികൾക്ക് ലിബിയ കോപ്പുകൂട്ടവെയാണ്, പാവം സ്വിസ് പ്രസിഡന്റ് തന്റെ ഔദ്യോഗിക പദവിയുടെ മാന്യതക്ക് ചേരാത്ത വിധം ട്രിപ്പോളിൽ പറന്നെത്തി കേണലിന്റെ രോഷം തണുപ്പിച്ചത്. കേണലിന്റെ



■ മുഅമ്മർ ഖദ്ദാഫി

സ്വന്തം പത്രങ്ങളും ചാനലുകളും (ലിബിയയിൽ അവയല്ലാതെ മറ്റൊന്നുമില്ല) ഇത്'മഹത്തായ വിജയമായി' ആഘോഷിച്ചു. 'ഒട്ടകത്തെ മേച്ചു നടക്കുന്നവന്റെ മുമ്പിൽ മുട്ടുകുത്തിയതി'ന് സ്വിസ് മാധ്യമങ്ങൾ റുഡോൾഫിനെ പൊതിരെ ശകാരിക്കുകയും ചെയ്തു.

ഇതാണ് കേണലിന്റെ ഒരു ഭരണ സ്റ്റൈൽ. ഇദ്ദേഹത്തിന്റെ ഭരണം 40 വർഷം പിന്നിട്ടതിന്റെ (ഈ കാലയളവ് അറബ് ലോകത്ത് ഒരു പുതുമയേ അല്ല) ആഘോഷങ്ങളാണ് ഇപ്പോൾ ലിബിയയിൽ. ലോക്കർബി ദുരന്തത്തിന്റെ സൂത്രധാരകനെന്ന് ആരോപിക്കപ്പെട്ട ലിബിയക്കാരൻ അബ്ദുൽ ബാസിത് മുഹമ്മദ് അൽമഗ്റഹിയെ സ്കോട്ട്ലന്റ് ജയിലിൽനിന്ന് മോചിപ്പിച്ച് കൊണ്ടുവരാൻ കഴിഞ്ഞത് ആഘോഷത്തിന്റെ പൊലിമ കൂട്ടുന്നു. ഇതിന്റെ അണിയറയിൽ ഇംഗ്ലണ്ടുമായി പലതരം കച്ചവടമുറപ്പിക്കലുകളാണ് നടന്നതെന്ന് പരസ്യമായ രഹസ്യം. ഏതായാലും കേണൽ വാഴുകയാണ്. മധ്യ-പൗരസ്ത്യ ദേശത്ത് മാത്രമേ ഇത്തരക്കാർ ഇപ്പോൾ വാഴുന്നുള്ളൂ. ■



■ ഹാനിബാൾ ഖദ്ദാഫി

## ആ കാർട്ടൂണുകൾ പുനഃപ്രസിദ്ധീകരിക്കില്ല

***ലോകത്തെ** പിടിച്ചുകുലുക്കിയ കാർട്ടൂണുകൾ* (The Cartoons that Shook the World) അടുത്ത നവംബറിൽ പുറത്തിറങ്ങാനിരിക്കുന്ന ഒരു പുസ്തകമാണ്. സാധാരണഗതിയിൽ വിവാദത്തിന് കോപ്പില്ലാത്ത ഒരു സംഭവം. പക്ഷേ, 2005-ൽ ഡെൻമാർക്കിലെ *ജിലൻഡ്സ് പോസ്റ്റൺ* പത്രം പ്രസിദ്ധീകരിച്ച മുഹമ്മദ് നബിയെ നിന്ദിച്ചുകൊണ്ടുള്ള 12 കാർട്ടൂണുകൾ പുസ്തകത്തിൽ ഉൾപ്പെടുത്തിയേക്കുമെന്ന അഭ്യൂഹം പരന്നതോടെ കാര്യങ്ങൾ തകിടം മറിഞ്ഞു. പുസ്തക പ്രസാധകരായ അമേരിക്കയിലെ യേൽ യൂനിവേഴ്സിറ്റി നയതന്ത്ര പ്രതിനിധികളെയും ഇസ്‌ലാമിക പണ്ഡിതന്മാരെയും അടിയന്തരമായി വിളിച്ചുചേർത്ത് അഭിപ്രായമാരാഞ്ഞു. "ഏകകണ്ഠമായിരുന്നു തീരുമാനം. ഒരു കാരണവശാലും ആ കാർട്ടൂണുകൾ ഉൾപ്പെടുത്തരുതെന്നും അതിന്റെ പ്രത്യാഘാതങ്ങൾ പ്രവചനാതീതമായിരിക്കുമെന്നുമാണ് അവർ ഞങ്ങളോട് പറഞ്ഞത്"- യേൽ യൂനിവേഴ്സിറ്റി പ്രഫസർ ജോൺ ഡൊണാറ്റിഷ് പറഞ്ഞു.

കാർട്ടൂണുകൾ ഉൾപ്പെടുത്തേണ്ടെന്ന തീരുമാനം ഗ്രന്ഥകർത്രിയായ ജെയ്റ്റ് ക്ലോസൻ വിമ്മിട്ടത്തോടെയാണെങ്കിലും അംഗീകരിച്ചു. കാർട്ടൂണുകൾ ഒഴിവാക്കിയെങ്കിലും അവയെക്കുറിച്ച പരാമർശങ്ങൾ പുസ്തകത്തിലുണ്ടാവും. ■